## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3649 17.10.2011 ൽ മറുപടിക്ക്.**

**ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവംമൂലം ഉണ്ടാകുന്ന വിഷമതകൾ പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;? | ബി) അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിന്മേൽ നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതാണ്. ഒഴിഞ്ഞു കിടക്കുന്ന സൂപ്രണ്ടിന്റെ തസ്തിക പ്രമോഷൻ മുഖേന നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽറ്റി കേഡറിലുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തികകളിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ വാങ്ങിടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും വിരമിച്ച ഡോക്ടർമാരെ നിയമിക്കുന്നതിനും അധികാരികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ ഏതൊക്കെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്ന് വ്യക്തമാക്കുമോ

സി) അനുവദിച്ച ഡോക്ടർമാരുടെ തസ്തികകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| (1) മെഡിക്കൽ കൺസൾട്ടന്റ് | 1 |
| ജൂനിയർ കൺസൾട്ടന്റ് | 1 |
| (2)സർജറി - കൺസൾട്ടന്റ് | 1 |
| ജൂനിയർ കൺസൾട്ടന്റ് | 1 |
| (3)ഗൈനക് - കൺസൾട്ടന്റ് | 1 |
| ജൂനിയർ കൺസൾട്ടന്റ് | 1 |
| (4)അനസ്തേഷ്യ | 1 |
| (5)പീടിയാട്രിക് - കൺസൾട്ടന്റ് | 1 |
| ജൂനിയർ കൺസൾട്ടന്റ് | 1 |
| (6)ഒഫ്താൽമോളജി-ജൂനിയർ കൺസൾട്ടന്റ് | 1 |
| (7)ഇ.എൻ.ടി - ജൂനിയർ കൺസൾട്ടന്റ് | 1 |
| (8)ഓർതോ - ജൂനിയർ കൺസൾട്ടന്റ് | 1 |
| (9)ഡർമ്മറ്റോളജി - ജൂനിയർ കൺസൾട്ടന്റ് | 1 |
| (10)സൂപ്രണ്ട് | 1 |
| (11)ഡെന്റൽ - ജൂനിയർ കൺസൾട്ടന്റ് | 1 |
| ആകെ | 15 |

**ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

| | |
|---|---|
| 1.ജൂനിയർ കൺസൾട്ടന്റ് - മെഡിക്കൽ | 1 |
| 2.ജൂനിയർ കൺസൾട്ടന്റ് - സർജറി | 1 |
| 3.ജൂനിയർ കൺസൾട്ടന്റ് - ഡർമ്മറ്റോളജി | 1 |
| 4.ജൂനിയർ കൺസൾട്ടന്റ് - അനസ്തേഷ്യ | 1 |
| 5.സൂപ്രണ്ട് | 1 |

ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ആശുപത്രിയിൽ നിന്ന് എത്ര ഡോക്ടർമാർ സ്ഥലംമാറി പോയിട്ടുണ്ട്; പകരം എത്ര പേരെ നിയമിച്ചിട്ടുണ്ട്; അവരുടെ പേരുവിവരം ലഭ്യമാക്കുമോ;

ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരും തന്നെ സ്ഥലം മാറിപ്പോയിട്ടില്ല. 23.05.2011-ൽ ഡോക്ടർ സജീവ് കുമാർ, ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രിക് ഈ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

ഇ)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആശുപത്രിയിൽ നിന്ന് എത്രപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ട് എന്നും അവർ ആരൊക്കെയെന്നും എവിടെയൊക്കെ എന്നും വിശദമാക്കുമോ?

ഇ)
(1)ഡോക്ടർ ജവഹർ ബാബു സി.ആർ., കൺസൾട്ടന്റ് സർജറി 25.7.2011 മുതൽ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ജോലി നോക്കി വരുന്നു.

(2) ഡോ. അനി ബാസ്, ജൂനിയർ കൺസൾട്ടന്റ്, ഇ.എൻ.റ്റി യെ നെടുമങ്ങാട് താലൂക്കാശുപത്രിയിലേയ്ക്ക് മാറ്റിയിരുന്നെങ്കിലും ടി ഉത്തരവ് റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(3)ഡോക്ടർ അനു ഫിലിപ്പ്, ഗൈനക്കോളജി - 16.08.2011 മുതൽ ഹരിപ്പാട് ആശുപത്രിയിൽ ജോലി നോക്കി വരുന്നു.

സെക്ഷൻ ഓഫീസർ